# കണ്ണൂർ വിമാനത്താവളം - ഡ്രയിനേജ് നം 2 ന്റെ അനുബന്ധ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്



18.08.2022

ചെയർമാൻ
സാമൂഹ്യാഘാത പഠനയൂണിറ്റ്
(കയ്റോസ്, കണ്ണൂർ)

# TABLE OF CONTENTS


## Executive Summary

- Project and public purpose
- Location
- Size and attributes
- Alternatives considered
- Social impacts
- Mitigation measures

## Detailed project description

- Background of the project, including developer's background and governance/management structure
- Rationale for project including how the project fits the public purpose criteria listed in the act
- Details of project size, location, capacity, output, production targets, costs, risks
- Examination of alternatives
- Phases of project construction
- Core design features and size and type of facilities
- Need of ancillary infrastructural facilities
- Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports
- Applicable law and policies

## Team composition approach, methodology and schedule of the Social Impact Assessment

- List of all team members with qualification
- Description and rationale for the methodology and tools used to collect information for the social impact assessment
- Sampling methodology used
- Overview of informations/ data sources used
- Schedule of consultations with key stakeholders and brief description of public hearings conducted

## Land assessment

- Describe with the help of maps information from land inventory and primary sources.
- Entire area of impacts under the influence of the project. (not limited to land area for acquisition)
- Total land required for the project

- Present use of any public, utilized land in the vicinity of the project area
- Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project
- Quantity and location of the land proposed to be acquired for the project
- Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses
- Land prices and recent changes in ownership, transfer and use of lands over the last 3 years

## Estimation and enumeration (where required) of affected families and assets

- Estimation of families
- Families which are directly affected (own land that is proposed to be acquired)
- Family of scheduled tribes and other traditional forest dwellers who have lost any of their forest rights.
- Families which depend on common property resources which will be affected due to acquisition of land for their livelihood
- Families which have been assigned land by the state government or the central government under any of its schemes and such land is under acquisition
- Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land
- Families which are indirectly impacted by the project (not affected directly by the acquisition of own land)
- Inventory of productive assets and significant lands

## Socio- economic and cultural profile (affected area and resettlement site)

- Demographic details of the population in the project area
- Income and poverty levels
- Vulnerable groups
- Land use and livelihood
- Local economic activities
- Factors that contribute to local livelihood
- Kinship patterns and social and cultural organisations
- Administrative organisations
- Political organizations
- Community based and civil society organisations
- Regional dynamics and historical change processess
- Quality of the living environment

## Social impact management plan

- Approach to mitigation
- Measures to avoid, mitigate and compensate impact
- Measures that are included in the terms of rehabilitation and resettlement and compensation as outlined in the act
- Measures that the requiring body has stated it will introduce in the project proposal
- Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process
- Detailed mitigation plan

## Social impact management plan institutional framework

- Description of institutional structures and key person responsible for each mitigation measures
- Specify role of Non Governmental Organization etc, if involved
- Indicate capacities required and capacity building plan, including technical assistance, if any
- Timelines of each activity

## Social impact management plan Budget and financing of Mitigation Plan

- Costs of all resettlement and rehabilitation costs
- annual budget and plan of action
- funding sources with breakup

## Social impact management plan monitoring and evaluation

- Key monitoring and evaluative indicators
- Reporting mechanisms and monitoring roles
- Plan for independent evaluation

## Analysis of costs and benefits and recommendation on acquisition

- Final conclusions on : Assessment of public purpose, less displacing alternatives, minimum requirements of land, the nature and intensity of social impacts, and viable migration measures and the extent to which mitigation measures will address costs.
- The above analysis will use the equity principle as a framework of analysis for presenting a final recommendation on whether the acquisition should go through or not

## അനുബന്ധം

1. ചിത്രങ്ങൾ


- ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ ചിത്രങ്ങൾ 30

➢ പൊതുകേൾക്കൽ യോഗത്തിന്റെ  ചിത്രങ്ങൾ
2. ജില്ലാ കളക്ടറുടെ നടപടി ക്രമത്തിന്റെ പകർപ്പ്
3. ഗസറ്റിന്റെ പകർപ്പ്
4. കേരള   കൗമുദി   18-02-2022 ലെ പത്രപരസ്യത്തിന്റെ പകർപ്പ്
5. സുപ്രഭാതം 18-02-2022 ലെ പത്രപരസ്യത്തിന്റെ പകർപ്പ്
6. നിർദിഷ്ട ഡ്രയിനേജിന്റെ  സൈറ്റ് പ്ലാൻ
7. പൊതു അവകാശവാദയോഗത്തിന്റെ നോട്ടീസ് അയച്ച രെജിസ്റ്ററെഡ് തപാൽ ബില്ല്
8. പൊതുഅവകാശവാദയോഗത്തിന്റെ ഹാജരും നിർദേശത്തിന്റെ ശരിപ്പകർപ്പും
9. പൊതുഅവകാശവാദ യോഗത്തിനു ഹാജരാകാൻ മറ്റൊരാളെ ചുമതലപെടുത്തിയതിനു ഭൂ ഉടമ നൽകിയ കത്ത്
10. പൊതുഅവകാശവാദയോഗത്തിന്റെ  നിർദേശങ്ങൾ അർത്ഥനാധികാരിക്ക് മറുപടിക്കായി അയച്ച കത്ത്
11. അർത്ഥനാധികാരിയുടെ മറുപടി  കത്തിന്റെ പകർപ്പ്

**കണ്ണൂർ വിമാനത്താവളം - ഡ്രയിനേജ് നം 2 ന്റെ അനുബന്ധ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്**

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ വൃഷ്ടിപ്രദേശത്തുള്ള മഴവെള്ളം കുത്തിയൊലിച്ചു, വിമാനത്താവളത്തിന്റെ സുരക്ഷ അപകടത്തിലാകുന്നത് ഒഴിവാക്കാനായി നിർമ്മിക്കപ്പെട്ട ഡ്രയിനേജുകളിൽ ഒന്നായ ഡ്രയിനേജ് നം 2 ന്റെ അനുബന്ധ ഓവുചാല് നിർമിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ , പഴശ്ശി അംശം മട്ടന്നൂർ ദേശത്തിലെ റീ സ 74/1 ലെ 0.0100 ഹെക്ടർ സ്വകാര്യ വ്യക്തികളുടെ ഭൂമി , 2013 ലെ ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി , ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി സാമൂഹ്യ ആഘാത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം.

## Executive Summary

- **Project and public purpose**

സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 870 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കണ്ണൂർ വിമാനത്താവള പ്രദേശം ഒരു നിർമറി പ്രദേശമാണ്. അതിനാൽ തന്നെ അവിടെ ലഭിക്കുന്ന മഴവെള്ളം, നല്ല മഴ ലഭിക്കുന്ന മൺസൂൺ കാലഘട്ടങ്ങളിൽ കുത്തിയൊലിച്ചു പോകാനിടയുള്ളതിനാൽ, വിമാനത്താവള പ്രദേശത്തിന്റെ ഉറപ്പിനെ സാരമായി ബാധിക്കാനിടയുള്ളതിനാൽ, വിവിധ ഭാഗങ്ങളിൽ ഓവുചാലുകൾ നിർമ്മിച്ചു , മഴവെള്ളത്തെ സമീപ പ്രദേശത്തെ പുഴകളിലേക്ക് എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കിയിരുന്നു. അതിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട 2 ആം നമ്പർ ഓവുചാലിനു അനുബന്ധമായ നിർമ്മിതിയാണ് ഈ പദ്ധതി.

ആദ്യകാലഘട്ടങ്ങളിൽ നിർമ്മിക്കപ്പെട്ട ഓവുചാലുകൾ, മഴവെള്ളത്തോടൊപ്പം ഒഴുകിയെത്തുന്ന മണ്ണും ചെളിയും കാരണം ക്രമേണ ആഴം കുറയുകയും വെള്ളം ഉൾക്കൊള്ളാവുന്ന ശേഷി കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ, ഇവ കാലാകാലങ്ങളിൽ ആഴം കൂട്ടുകയും, ആവശ്യമുള്ള ഭാഗങ്ങളിൽ അനുബന്ധ പ്രവർത്തനങ്ങൾ നടത്തേണ്ടി വരികയും ചെയ്യുന്നുണ്ട്. അത്തരത്തിൽ ഓവുചാൽ നം 2 നു അനുബന്ധമായി നിലവിലുള്ളതും റോഡിനു സമാന്തരമായിട്ടുള്ളതുമായ പൊതുമരാമത്തു വകുപ്പ് നിർമ്മിച്ച പഴയ ഒരു ചെറിയ നീർച്ചാലിനെ, ഏകദേശം 60 മീറ്ററോളം നീട്ടാനുള്ള പദ്ധതിയാണിത്.

- **<u>Location</u>**

ഈ അനുബന്ധ പ്രവ്യത്തി മട്ടന്നൂർ ദേശത്തിലെ RS 74/1 ഇൽ പ്പെടുന്നു

- **<u>Size and attributes of Land acquisition</u>**

കുത്തിയൊലിച്ചു വരുന്ന മഴവെള്ളത്തെ സുരക്ഷിതമായി പുഴയിലെത്തിക്കാനായി നിർമ്മിക്കപ്പെട്ട 2 ആം നമ്പർ ഓവുചാലിന് നിലവിൽ 2 കി മി നീളമുണ്ട്. ഇപ്പോൾ അനുബന്ധ പ്രവ്യത്തിയായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന 2.47 സെന്റ് സ്ഥലം അഞ്ചരക്കണ്ടി - മട്ടന്നൂർ റോഡിൽ രജീഷ് ഷോപ്പിന്റെ പരിസരത്തുള്ള കല്ലേറിക്കര ബസ് ഷെൽറ്ററിൽ നിന്നും രണ്ടാം നമ്പർ ഡ്രയിനേജിലേക്കുള്ള, ഏകദേശം 600 മീറ്റർ നീളമുള്ള ഒരു പഴയ ഡ്രയിനേജിൽനിന്നു റോഡിനോട് ചേർന്ന് ഏകദേശം 60 മീറ്റർ നീളത്തിൽ ഡ്രയിനേജ് നം 2 വിനോട് ചേരാം. ഇവിടെ റോഡിനോട് ചേർന്ന് 3 പടുമരങ്ങൾ മാത്രമേയുള്ളു.

- **<u>Alternatives considered</u>**

നിലവിലുള്ള പഴയ ഓവുചാൽ ഡ്രയിനേജ് 2 നോട് ബന്ധിപ്പിക്കുന്ന അനുബന്ധമായ പ്രവത്തനമായതിനാൽ, ഇതിനോട് ചേർന്ന ഭൂമി മാത്രമേ ഉപയോഗിക്കാനാകു. അതിനാൽ പകരം സ്ഥലം പ്രായോഗികമല്ല.

- **<u>Social impacts</u>**

റോഡിനോട് ചേർന്ന ഏകദേശം 1/2 മീറ്റർ വീതിയിൽ 60 മീറ്ററോളം നീളത്തിൽ ഭൂമി ഏറ്റെടുക്കുമ്പോൾ സാരമായ ആഘാതം ഒന്നും തന്നെ ഉണ്ടാകുന്നില്ല. ഇവിടുത്തെ പഴയ ചെറിയ കനാൽ നിർമ്മാണ സമയത്ത് മരങ്ങൾ മുറിച്ചു മാറ്റാതെ നിർമ്മിച്ചതായി കാണാൻ സാധിച്ചു. ഇവിടെയും രണ്ടു മരങ്ങളെ ബാധിക്കാത്ത രീതിയിൽ നിർമ്മാണം സാധിക്കുമെന്ന് കരുതുന്നു.

- **<u>Mitigation measures</u>**

സ്ഥലത്തിനുള്ള നഷ്ടപരിഹാരം തന്നെ ആഘാത ലഘൂകരണത്തിനു മതിയാകും.

- **<u>Detailed project description</u>**

**Background of the project, including developer’s background and governance/management structure**

കണ്ണൂർ നഗരത്തിന്റെ ഏകദേശം 28 കി മിയും തലശ്ശേരിയിൽ നിന്ന് ഏകദേശം 24 കി മിയും മട്ടന്നൂർ നഗരത്തിൽനിന്നും കേവലം 2 കിമി മാത്രമുള്ള ഈ വിമാനത്താവളം രണ്ടായിരത്തോളം ഏക്കർ ഭൂമിയിൽ പരന്നു കിടക്കുന്നു.

വിസ്തൃതിയിൽ കേരളത്തിൽ ഒന്നാംസ്ഥാനത്താണ്. പാസഞ്ചർ ടെർമിനൽ 96000 ചമി വിസ്തൃതിയിലാണ്. ഇന്ത്യയിൽ ഈ വിസ്തൃതി 8 )0 സ്ഥാനത്താണ്. ആദ്യഘട്ടത്തിൽ റൺവേ 3050 മീറ്ററായിരുന്നെങ്കിലും രണ്ടാം ഘട്ടത്തിൽ ഇത് 3400 മീറ്ററായി. 4000 മീറ്റർ വരെ വികസിപ്പിക്കുന്നതോടെ റൺവേയുടെ നീളത്തിൽ ഈ വിമാനത്താവളം ഇന്ത്യയിൽ 4 ആം സ്ഥാനത്തെത്തുന്നു.

ഉത്തരകേരളത്തിന്റെ വിനോദസഞ്ചാര മേഖലയുടെ ഇടനാഴിയായി മാറാൻ വെമ്പൽ കൊള്ളുന്ന ഈ വിമാനത്താവളത്തിലൂടെ പച്ചക്കറികളും, പൂക്കളും കൂടി കയറ്റുമതി ചെയ്യാനുള്ള ശ്രമമാണ് നടന്നുവരുന്നത്. കണ്ണൂർ കൂടാതെ കോഴിക്കോട് ജില്ലയുടെ വടക്കൻ മേഖലകൾ, കാസറഗോഡ്, വയനാട്, കുടക്, മൈസൂർ എന്നീ സ്ഥലങ്ങളും ഈ വിമാനത്താവളത്തിന്റെ ഗുണഭോക്താക്കളാണ്. സ്വകാര്യ പങ്കാളിത്തമുണ്ടെങ്കിലും ഈ ഗ്രീൻഫീൽഡ് വിമാനത്താവളം പൊതുമേഖലയിൽ തന്നെയാണ്. കേരള മുഖ്യമന്ത്രി ചെയർമാനും ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ മാനേജിങ്ങ് ഡയറക്ടറുമായിട്ടുള്ള KIAL ന്റെ ഭരണ നിയന്ത്രണത്തിലാണ് ഈ വിമാനത്താവളം.

ഇവിടെ അഞ്ചരക്കണ്ടി - മട്ടന്നൂർ റോഡിൽ കല്ലേരിക്കരയിലെ രജീഷിന്റെ പീടികയ്ക്ക് സമീപത്തുള്ള ബസ് കാത്തിരിപ്പ് കേന്ദ്രത്തിനു സമീപം അവസാനിക്കുന്ന പഴയ ഓവുചാൽ ഏകദേശം 70 മീറ്ററോളം നീളത്തിൽ അനുബന്ധമായി നിർമ്മിച്ച്, ഇതിലൂടെ ഒഴുകി വരുന്ന മഴവെള്ളത്തെ ഡ്രയിനേജ് നം. 2 വിൽ എത്തിക്കുന്നതാണ് പദ്ധതി. നിലവിലുള്ള ഓവുചാൽ കഴിഞ്ഞാൽ പഴയ ഒരു നേരിയ ചാലാണ്. നല്ല മഴ സമയത്ത് വെള്ളം ഇതുവഴി ഒഴുകി വന്ന്, തൊട്ടു താഴെ കിഴക്കു വശത്തുള്ള ഏഴോളം കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തു ശക്തമായി ഒഴുകുകയും അവരുടെ കിണറിൽ പോലും കലക്ക് വെള്ളം എത്തുന്നതായും അറിയാൻ കഴിഞ്ഞു. അത് ഒഴിവാക്കാനായി 60 cm ഉൾവീതിയും, രണ്ടുഭാഗത്ത് 30 cm വീതിയുള്ള ഭിത്തിയോടെ 50 cm ആഴത്തിൽ അനുബന്ധ കനാൽ നിർമ്മിച്ചു വെള്ളം ഡ്രയിനേജ് നം 2 വിൽ എത്തിച്ചാൽ, ഈ വെള്ളം പരന്നൊഴുകുന്നത് മൂലമുള്ള പ്രയാസം ഒഴിവാക്കാനാകും. ഈ പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കുന്നത് KINFRA ആണ്. 1993 ൽ സ്ഥാപിതമായ കിൻഫ്രയുടെ ഭരണം നടത്തുന്നത് ചീഫ് സെക്രട്ടറി ചെയർമാനും സർക്കാരിന്റെ വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളുമായിട്ടുള ഡയറക്ടർബോർഡാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ ഒരു നല്ല പങ്ക് കിൻഫ്ര വഹിക്കുന്നു.

**<u>Rationale for project including how the project fits the public purpose criteria listed in the act</u>**

വിമാനത്താവളത്തിൽ പെയ്യുന്ന മഴവെള്ളം അതിശക്തമായി താഴ്വാരങ്ങളിലേക്ക് ഒഴുകുമ്പോൾ ചളിയും ചേറും കലർന്ന് സമീപത്തെ

കിണറുകളിലും വയലുകളിലും എത്തുന്നത് മൂലം കുടിവെള്ളം മോശമാകുകയും, വയൽ ഗുണനിലവാരം കുറയുകയും ചെയുന്ന സാഹചര്യത്തിൽ, ഇത് പരിഹരിക്കാനായി വിവിധ ഡ്രയിനേജുകൾ ഇവിടെ നിർമ്മിക്കപ്പെട്ടിരുന്നു. ഇതിൽപെട്ട ഡ്രയിനേജ് നം 2 ന്റെ അനുബന്ധ നിർമ്മാണത്തിനാണ് ഇപ്പോൾ സ്ഥലം ഏറ്റെടുക്കുന്നത്. കുത്തൊഴുക്ക് മൂലം ഈ ഭാഗത്തെ താമസക്കാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കാനാണ് ഈ നിർമ്മിതി. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കൽ പൊതു ആവശ്യത്തിന് തന്നെയാണ്.

**Details of project size, location, capacity, output, production targets, costs, risks**

ഏകദേശം 850 മീറ്റർ ഉയരത്തിൽ കിടക്കുന്ന 2000 ഏക്കറിൽ അധികം വരുന്ന വിമാനത്താവള മേഖല ഒരു നിർമറി പ്രദേശമാണ്. ഇവിടെ ലഭിക്കുന്ന മഴ, അഞ്ചരക്കണ്ടി പുഴയിലേക്ക് സാധാരണ തോടുകൾ വഴി എത്തിച്ചേർന്നിരുന്നതാണ്. എന്നാൽ വിമാനത്താവളനിർമ്മാണത്തിനു ശേഷം, മഴക്കാലത്ത്, ഇളകിയ മണ്ണും മറ്റും കുത്തിയൊലിച്ചു പഴയ തോടുകളിലൂടെ ഒഴുകിയപ്പോൾ, വെള്ളത്തിന്റെ ഒഴുക്കിനു അനുസരിച്ചു ചളിയും മണ്ണും തോടുകളിൽ നിക്ഷേപിക്കപ്പെടുകയും, തോടിന്റെ ആഴം കുറയുകയും, വയലിലേക്കും സമീപ പ്രദേശത്തെ കിണറുകളിലേക്കും ചെളിവെള്ളം കടന്നുകയറുകയും ഇവ ഉപയോഗശൂന്യമാകുകയും ചെയ്ത സാഹചര്യത്തിലും, ഇവ ഒഴിവാക്കുന്നതിനാണ്, വിമാനത്താവളത്തിലെ നിരപ്പാക്കിയ ഭൂമിയുടെ ഉറപ്പിനെ പ്രതികൂലമായി ബാധിക്കാനിടയുള്ള സാഹചര്യത്തിലും, ഇവിടുത്തെ മഴവെള്ളം സുഗമമായി ഒഴുക്കാൻ കുറെ നീർച്ചാലുകൾ നിർമ്മിച്ചിരുന്നു. അതിൽ ഒന്നാണ് എയർപോർട്ട് റൺവേയിൽനിന്ന് ആരംഭിച്ച് കാരത്തോടിലൂടെ അഞ്ചരക്കണ്ടി പുഴയിൽ എത്തുന്ന 2 കി മി നീളവും ......വീതിയും ഉള്ള നീർച്ചാൽ നമ്പർ 2. ഇതിനായി ആദ്യ ഘട്ടത്തിൽ തന്നെ ഭൂമി ഏറ്റെടുത്ത് പ്രവർത്തനം നടത്തിയതാണ്. ഇതിന്റെ അനുബന്ധ നിർമ്മാണത്തിനാണ് 2.47 സെന്റ് ഭൂമി ഏറ്റെടുക്കുന്നത്.

**Examination of alternatives**

ഇവിടെ നീർച്ചാൽ നമ്പർ 2 തോടിൻറെ നുബന്ധ പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ, ഇപ്പോഴത്തെ തോടിനോട് ചേർന്ന ഭൂമി മാത്രമേ ഏറ്റെടുക്കാൻ പറ്റൂ. അതിനാൽ തന്നെ വേറെ ഭൂമി ഇതിനായി ഏറ്റെടുക്കാൻ പറ്റില്ല.

**Phases of project construction**

മരാമത്ത് വകുപ്പ് നിർമ്മിച്ച പഴയ തോടിനു 50 cm ആഴവും, ഉൾ വീതി 60 cm ആണ്. രണ്ടു ഭാഗത്തും 30 cm വണ്ണത്തിലുള്ള ചെങ്കല്ല് കൊണ്ട് കെട്ടി, താഴെയും കല്ല് പാകി, സിമന്റ് തേച്ചു ഉറപ്പിച്ചതാണ്

**Core design features and size and type of facilities**

നിലവിലുള്ള ഓവിനു തുടർച്ചയായ പ്രവൃത്തിയായതിനാൽ, അതേ അളവുകളിലായിരിക്കും അനുബന്ധ തോടിന്റെയും നിർമ്മിതി.

**Need of ancillary infrastructural facilities**

ഇവിടെ സ്ഥലം ഏറ്റെടുക്കുമ്പോൾ സാരമായ നാശനഷ്ടങ്ങൾ ഒന്നും തന്നെയില്ല. അതിനാൽ തന്നെ അനുബന്ധമായി അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ആവശ്യമായി വരുന്നില്ല.

**Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports**

**Applicable law and policies**

പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറെറടുക്കപെടുമ്പോൾ, ഏറ്റെടുക്കപെടുന്ന ഭൂമിയുടെ ഉടമകൾക്കോ, ആ ഭൂമിയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കോ, വരുമാനത്തിനോ, ജീവനോപാദികൾക്കോ, പരിസ്ഥിതിക്കോ, പൊതുജനാരോഗ്യത്തിനോ ഉണ്ടാകുന്ന ആഘാതം പരമാവധി ലഘൂകരിക്കാൻ പര്യാപ്തമായതും, ഇവിടെ പ്രായോഗികവുമായ നിയമങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

1. RFCTLARR Act, 2013

2. RFCTLARR Act (Kerala) rules 2015

3. RTI Act 2005 etc

## Team composition approach, methodology and schedule of the Social Impact Assessment

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ , പഴശ്ശി അംശം മട്ടന്നൂർ ദേശത്തിലെ റീ സ 74/1 ലെ 2.47 സെന്റ് ഭൂമി കണ്ണൂർ വിമാനത്താവള മേഖലയിലുള്ള 2 ആം നമ്പർ നീർച്ചാലിന്റെ (ഡ്രയിനേജ് നം. 2) ന്റെ അനുബന്ധ പ്രവൃത്തികൾക്കായി ഏറ്റെടുക്കുന്നത് സംബന്ധിച്ച സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഉത്തരവാദിത്വം നൽകിയിരിക്കുന്നത് കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 22 വർഷക്കാലമായി പ്രവർത്തിച്ചു വരുന്ന Track A NGO ആയ കയ്റോസ് (KAIROS Kannur Association For Integrated Rural Organization and Support) കണ്ണൂരിനെയാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ 21.06.2022 ലെ KCKNR/2388/2022- C7 നമ്പർ നടപടിക്രമപ്രകാരമാണ് ഉത്തരവാദിത്വം ഏൽപ്പിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച ആധികാരികമായ വിജ്ഞാപനം 21.06.2022 ലെ 2050 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

**List of all team members with qualification**

| ക്രമ നമ്പർ | പേര് | പദവി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഫാ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ | MSW |
| 2 | ശ്രീ കെ.വി.ചന്ദ്രൻ | അംഗം | BA (Eco)<br>MA (His) |
| 3 | ശ്രീമതി ജെസ്സി റെജി (ഡി.ടി.പി.ഓപ്പറേറ്റർ) | അംഗം | BA (Mal) |
| 4 | ശ്രീ പ്രസാദ് | ഓഫീസ് അസിസ്റ്റന്റ് | SSLC |

## Description and rationale for the methodology and tools used to collect information for the social impact assessment

അഞ്ചരക്കണ്ടി മട്ടന്നൂർറോഡിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്തിലെ കല്ലേറിക്കര ബസ് കാത്തിരിപ്പുകേന്ദ്രത്തിനു സമീപം വരെ, 4 വർഷം മുൻപ് നിർമ്മിക്കപ്പെട്ട ചെറിയ ഓവുചാലിന്, ഡ്രയിനേജ് നം. 2 നോട് ബന്ധിപ്പിക്കുന്നതിനു 60 മീറ്ററോളം നീളത്തിൽ പുതിയ ഒരു കനാൽ നിർമ്മിച്ചു, ഈ ചെറിയ ചാലിലൂടെ വരുന്ന വെള്ളം പ്രധാനപ്പെട്ട ഡ്രയിനേജ് നം. 2 ൽ ചേർന്നാൽ, ഈ പ്രദേശത്തിന് തൊട്ടു താഴെ കിഴക്കു ഭാഗത്ത് താമസിക്കുന്ന 7 കുടുംബങ്ങൾ, മഴക്കാലത്ത് അനുഭവിച്ചു വരുന്ന പ്രയാസങ്ങൾ ഒഴിവാക്കാനാകും. ഇതിനായാണ് ഇവിടെ 74/1 ന്റെ 1 ആർ സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇത് നിലവിലുള്ള റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലമാണ്. ഈ സ്ഥലത്തു കാര്യമായ നിർമ്മിതികളോ ചമയങ്ങളോ ഒന്നും തന്നെയില്ല. റോഡിനോട് ചേർന്ന് കിടക്കുന്ന രണ്ടു പടുമരവും മറ്റാര് മരവുമാണുള്ളത്. ഇവിടെ മുന്നേ നിർമ്മിച്ച ചെറിയ ഓവുചാൽ മരം നിർത്തിക്കൊണ്ട് തന്നെ നിർമ്മിച്ചതായി കാണുന്നുണ്ട്. പഴശ്ശി വില്ലജ് ഓഫീസിലെ ജീവനക്കാരനും പരിസരവാസികളും സ്ഥലം സന്ദർശന സമയത്ത് ഉണ്ടായിരുന്നു. എയർപോർട്ട് ഡിവിഷൻ No.27 കൗൺസിലർ ശ്രീ സി. പുരുഷോത്തമനുമായി സ്ഥലം സന്ദർശനത്തെ കുറിച്ചു സംസാരിച്ചിരുന്നു. മുൻസിപ്പൽ സെക്രെട്ടറിയുമായി നേരിട്ട് നേരിട്ട് ഈ വിഷയം വിശദമായി ചർച്ച ചെയ്തിരുന്നു. Participatory Observation, Participatory Rural Appraisal, Informal interview with key Informants എന്നി ടൂളുകളും ഉപയോഗിച്ചിരുന്നു. 23.07.2022 നു നടത്താൻ നിശ്ചയിച്ചിട്ടുള്ള പൊതു അവകാശവാദയോഗത്തിൽ, ഈ വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്താനും, അത് സംബന്ധിച്ച

അർത്ഥനാധികാരിയുടെ അഭിപ്രായം ആവശ്യമെങ്കിൽ അത് ശേഖരിച്ചു അന്തിമ റിപ്പോർട്ടിൽ ചേർക്കാനും സാധിക്കും.

**Sampling methodology used**

**പഠനോപാധികൾ**

ഈ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിൽ Stakeholder Analysis, Beneficiary Assessment എന്നീ ഉപാധികളാണ് അവലംബിച്ചിരിക്കുന്നത്.

**Overview of information/ data sources used**

കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ ഒന്നാം ഗേറ്റ് മുതൽ ലഭിക്കുന്ന മഴവെള്ളം മുന്നേതന്നെ ഒഴുകിവന്ന ചെറിയ നടൻ ഓവുചാൽ, ഏകദേശം 4 വർഷം മുൻപേ, പൊതുമരാമത്ത് വകുപ്പ് സിമെന്റുകൊണ്ടുള്ള ഒരു ചെറിയ ഡ്രയിനേജ് നിർമ്മിച്ചിരുന്നു. ഈ ഓവുചാൽ കല്ലെറിക്കരയിലെ ബസ് കാത്തിരിപ്പുകേന്ദ്രംവരെയാണുള്ളത്. ഈ ചാലിൽ ഇപ്പോൾ വെള്ളം കെട്ടിനിൽക്കുന്നുണ്ട്. നല്ല കുത്തൊഴുക്കുള്ള സമയത്ത്, ഇവിടെയെത്തുന്ന വെള്ളം, തൊട്ടടുത്തുള്ള താഴ്ന്ന പ്രദേശത്തേക്ക് പരന്നൊഴുകുന്നു. ഈ ഭാഗത്ത് താമസിക്കുന്നവരുടെ വീട്ടുമുറ്റത്തു വരെ വെള്ളം എത്തുന്നതായി അറിയുന്നു. അതുപോലെതന്നെ കിണറുകളിലെ വെള്ളം മലിനമാകുന്നതായും അറിയാൻ സാധിച്ചു. ഈ ചെറിയ ഓവുചാൽ 60 മീറ്റർ കൂടി നീട്ടി നിർമ്മിച്ചു, ഡ്രയിനേജ് നം 2 ഇൽ ബന്ധിപ്പിക്കുകയും, നിലവിലെ ഓവുചാൽ അതിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും നീക്കി, വൃത്തിയാക്കിയാൽ കുത്തി ഒഴുകി വരുന്ന വെള്ളം നേരിട്ട് ഡ്രയിനേജ് നം 2 ഇൽ എത്തിപ്പെടുകയും , ഈ റോഡിൻറെ കിഴക്കു ഭാഗത്ത്, താമസിക്കുന്ന കുടുംബങ്ങൾ, മൺസൂൺ കാലത്ത് അനുഭവിക്കുന്ന പ്രയാസങ്ങൾ ഒരു പരിധി വരെ പരിഹരിക്കപ്പെടും ചെയ്യും.

ഇവിടെ 74/1 ഇൽ പെട്ട 1 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കപെടേണ്ടിയിരിക്കുന്നത്. ഇത് അഞ്ചരക്കണ്ടി - മട്ടന്നൂർ റോഡിൽ കല്ലേരിക്കര ബസ് കാത്തിരിപ്പുകേന്ദ്രം മുതൽ 2 ആം നമ്പർ ഡ്രയിനേജ് വരെ, റോഡിൻറെ കിഴക്കു വശം ചേർന്ന് കിടക്കുന്ന ഭൂമിയാണ് . നേരത്തെ വ്യക്തമാക്കിയതുപോലെ ഇവിടെ കാര്യമായ ചമയങ്ങൾ ഒന്നും തന്നെയില്ല. കേവലം 3 പടുമരങ്ങൾ മാത്രമാണുള്ളത്.

ഈ സ്ഥലം സന്ദർശന സമയത്ത്, വില്ലജ് ഓഫീസിൽ ജീവനക്കാരെ കൂടാതെ, തൊട്ടടുത്ത് രജീഷ് സ്റ്റോർ നടത്തുന്ന രജീഷ്, സമീപ പ്രദേശക്കാരനായ പ്രദീപൻ, സുമേഷ് എന്നിവരും ഉണ്ടായിരുന്നു. കൂടാതെ ഡിവിഷൻ കൗൺസിലർ മട്ടന്നൂർ

നഗരസഭാ വൈ: ചെയർമാനുമായ ശ്രീ ബി. പുരുഷോത്തമനമായും മുനിസിപ്പൽ സെക്രട്ടറിയുമായും ചർച്ച നടത്തിയിരുന്നു.

## Schedule of consultations with key stakeholders and brief description of public hearings conducted

## പൊതുഅവകാശവാദയോഗം

മരാമത്ത് വകുപ്പ് നിർമ്മിച്ച ചെറിയ ഓവുചാലിനെ, ഇപ്പോൾ അവസാനിച്ചിരിക്കുന്നു സ്ഥലത്തു നിന്നും ഡ്രയിനേജ് നം 2 യിലേക്ക് നീട്ടുവാനായി ഭൂമി ഏറ്റെടുക്കുമ്പോൾ, നിലവിൽ ആരെയും സാരമായി ബാധിക്കുന്നില്ല.

ഈ സ്ഥലം ഒരു വ്യക്തിയുടേത് മാത്രമാണ്. അതിനാൽ തന്നെ ഭൂ ഉടമയുടെയും മറ്റു തല്പര കക്ഷികളുടെയും പൊതു കേൾക്കൽ യോഗം 23/07/2022 തീയതിയിൽ കല്ലേരികരയിലെ ഐശ്വര്യവായനശാലയിൽ വച്ച് രാവിലെ 11 മണിക്ക് ചേർന്നു. യോഗത്തിൽ ഭൂവുടമയുടെ പ്രതിനിധി, കിൻഫ്ര പ്രതിനിധി എന്നിവരടങ്ങുന്ന 11 പേർ പങ്കെടുത്തു. യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ച് സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ കെ.വി ചന്ദ്രൻ വിശദീകരിച്ചു.

യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ/ പരാതികൾ താഴെ കാണിച്ചിരിക്കുന്നു.

1. <u>ശ്രീ കെ.കെ ജയരാജ് (സ്ഥലം ഉടമ പ്രൊഫ. ജഗന്നാഥന്റെ പ്രതിനിധി)</u>

ഡ്രയിനേജ് നിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ എന്റെ സ്ഥലം ഏറ്റെടുത്തിരുന്നു. ഒരു സെന്റിന് 8.5 ലക്ഷം രൂപ തരാമെന്ന് ജില്ലാ കലക്റ്റർ സമ്മതിച്ചതിനാലാണ് സ്ഥലം വിട്ടു നൽകിയത്. ഏറ്റെടുത്തു കഴിഞ്ഞപ്പോൾ 1.90 ലക്ഷം രൂപ മാത്രമാണ് അനുവദിക്കപ്പെട്ടത്. അതിനാൽ അത് സ്വീകരിച്ചില്ല. ഇത് ഇപ്പോൾ കോടതിയുമായി ബന്ധപ്പെട്ട് കേസിലാണ് ഉള്ളത്. ഡ്രയിനേജ് 2 ന്റെ നിർമ്മാണ സമയത്ത്, എന്റെ അനുവാദമില്ലാതെ, ഡ്രയിനേജിന്റെ വീതിയുടെ പകുതിയോളം വരുന്ന സ്ഥലം ഏറ്റെടുത്തിരുന്നു. താലൂക്ക് സർവേയർ അളന്ന് തിട്ടപ്പെടുത്തിയപ്പോഴാണ് ഇത്രയും സ്ഥലം ഏറ്റെടുത്തതായി അറിഞ്ഞത്. ഞാൻ ഈ സ്ഥലത്തു താമസക്കാരനല്ലാത്തതിനാലാണ് യഥാസമയം ഇത് ശ്രദ്ധയിൽപെടാതിരുന്നത്. കമ്പിവേലികെട്ടി സംരക്ഷിച്ചിരുന്ന സ്ഥലം അത് പൊളിച്ചാണ് കയ്യേറിയത്.

സ്ഥലം വിട്ടു നല്കാൻ തയാറാണ്. ഇവിടെ ഇപ്പോൾ നടപ്പിലുള്ള വില ലഭിക്കണം. വിമാനത്താവളത്തിന്റെ ലൈറ്റിംഗ് പ്രവർത്തനങ്ങൾക്കായി സെന്റിന് 8 ലക്ഷം രൂപ വരെ നൽകിയതായി അറിയാൻ കഴിഞ്ഞു. എന്റെ സ്ഥലത്തിന് 50 മീറ്റർ അകലെ 'താമര' ബിൽഡേഴ്സ് 20 ലക്ഷം വരെ ഒരു സെന്റിന് നൽകിയതായി അറിയുന്നു.

2. **ശ്രീ രവീന്ദ്രൻ (പരിസരവാസി )**

'താമര' കമ്പനി പ്രവർത്തന സമയത്ത്, കലക്ക് വെള്ളം നിലവിലുള്ള ചെറിയ ചാലിലൂടെ കുത്തിയൊഴുകി വന്ന് വീട്ടുമുറ്റത്തു കെട്ടിക്കിടന്ന് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ഇത് പരിഹരിക്കപ്പെടണമെങ്കിൽ ഈ ചാല്, ഡ്രയിനേജ് നം. 2 ൽ ബന്ധിപ്പിക്കണം. 'താമര' കമ്പനി പ്രവർത്തിക്കാത്ത സമയത്തും നല്ല മഴയിൽ വെള്ളം കുത്തിയൊഴുകി വന്ന് ഇതേ പ്രയാസം ഉണ്ടാകാറുണ്ട്.

പ്രായോഗിക പരിശീലനത്തിനായി എത്തിയ കുമാരി മീനു (MSW) നന്ദി പ്രകാശിപ്പിച്ചു. യോഗം 1 മണിക്ക് അവസാനിച്ചു.

യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കിൻഫ്ര മട്ടന്നൂരിന് അയച്ചുകൊടുക്കുകയും ആയതിന്റെ മറുപടി 17/08/2022 ലെ KIN/KIA/21/2022 നമ്പർ കത്ത് പ്രകാരം അയച്ചുതരികയും ചെയ്തിട്ടുണ്ട്. ആയത് ചുവടെ ചേർത്തിരിക്കുന്നു.

1. **ശ്രീ കെ.കെ ജയരാജ് (സ്ഥലം ഉടമയുടെ പ്രതിനിധിയുടെ നിർദേശം )**

"ഇപ്പോൾ നടപ്പിലുള്ള വില ലഭിക്കണം. വിമാനത്താവളത്തിന്റെ ലൈറ്റിംഗ് പ്രവർത്തനങ്ങൾക്കായി സെന്റിന് 8 ലക്ഷം രൂപ വരെ നൽകിയതായി അറിയാൻ കഴിഞ്ഞു. എന്റെ സ്ഥലത്തിന് 50 മീറ്റർ അകലെ 'താമര' ബിൽഡേഴ്സ് 20 ലക്ഷം വരെ ഒരു സെന്റിന് നൽകിയതായി അറിയുന്നു."

പ്രസ്തുത നിർദേശത്തിനു ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

2. **ശ്രീ രവീന്ദ്രൻ (പരിസരവാസിയുടെ നിർദേശം )**

"'താമര' കമ്പനി പ്രവർത്തന സമയത്ത്, കലക്ക് വെള്ളം നിലവിലുള്ള ചെറിയ ചാലിലൂടെ കുത്തിയൊഴുകി വന്ന് വീട്ടുമുറ്റത്തു കെട്ടിക്കിടന്ന് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ഇത് പരിഹരിക്കപ്പെടണമെങ്കിൽ ഈ ചാല്, ഡ്രയിനേജ് നം. 2 ൽ ബന്ധിപ്പിക്കണം. 'താമര' കമ്പനി പ്രവർത്തിക്കാത്ത സമയത്തും നല്ല മഴയിൽ വെള്ളം കുത്തിയൊഴുകി വന്ന് ഇതേ പ്രയാസം ഉണ്ടാകാറുണ്ട്"

നിർദിഷ്ട തോടിന്റെ പ്രവർത്തനം പൂർത്തിയായാൽ മേൽപ്പറഞ്ഞ പ്രയാസത്തിനു പരിഹാരമാകും

## Land assessment

**Describe with the help of maps information from land inventory and primary sources.**

**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം**

| ക്രമ നമ്പർ | വില്ലേജ് | സർവേ നമ്പർ | വിസ്തീർണം |
|---|---|---|---|
| 1 | പഴശ്ശി | 74/1 | **1 ആർ** |
| **ആകെ** | | | **1 ആർ** |

**Entire area of impacts under the influence of the project. (not limited to land area for acquisition)**

ഇവിടെ ഏറ്റെടുക്കപെടുന്നത് ഒരു ആർ ഭൂമി മാത്രമാണെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഈ ഭൂമി കൂടി ഏറ്റെടുക്കപെടുമ്പോൾ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകുന്നില്ല. ആഘാതം ഏറ്റെടുക്കപെടുന്ന സ്ഥല വിസ്തൃതിയിൽ ഒതുങ്ങുന്നു.

**Total land required for the project**

നിലവിലുള്ള പഴയ ഓവുചാലിന് ഏകദേശം 60 മീറ്റർ കൂടി നീട്ടി 2 ആം നമ്പർ ഓവുചാലിലേക്ക് വെള്ളം ഒഴുക്കിവിടുന്നതിനായി അനുബന്ധമായ കനാലിനായി 1 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കാനുള്ളത്.

**Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project**

ഇല്ല

**Quantity and location of the land proposed to be acquired for the project**

ഇരിട്ടി താലൂക്കിൽ പഴശ്ശി അംശം മട്ടന്നൂർ ദേശത്ത് കല്ലേരിക്കര ഭാഗത്ത് റീ സ 74/1 ലെ 0.0100 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്.

**Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses**

നിലവിലുള്ള അഞ്ചരക്കണ്ടി മട്ടന്നൂർ റോഡിനോട് ചേർന്ന് കിടക്കുന്ന പറമ്പിന്റെ ഭാഗമാണ്. ഇത് കൃഷിഭൂമിയോ ഒന്നുമല്ല. മൂന്ന് പടുമരം മാത്രമാണ് ഈ

ഭൂമിയിലുള്ളത്. ഇവിടെ മഴക്കാലമായതിനാൽ പച്ചപ്പുല്ലും ചെറിയ കുറ്റിച്ചെടികളും മാത്രമേയുള്ളു.

**<u>ഭൂമിയുടെഉടമസ്ഥർ</u>**

| ക്രമനമ്പർ | ഉടമസ്ഥന്റെപേര് | വിസ്തീർണം | സ്വഭാവം |
|---|---|---|---|
| 1 | ശ്രീ ജഗന്നാഥൻ പി.കെ | 0.0100 | പുരയിടം/നിലം |

**<u>Land prices and recent changes in ownership, transfer and use of lands over the last 3 years</u>**

ഈ പ്രദേശത്തു സെന്റ് ഒന്നിന് 8.5 ലക്ഷം മുതൽ മേലോട്ട് വിലയുള്ളതായി അറിയുന്നു. സ്വകാര്യ വ്യക്തികൾ 20 ലക്ഷം രൂപ വരെ ഒരു സെന്റിന് അവകാശവാദം ഉന്നയിക്കുന്നതായും അറിയാൻ കഴിഞ്ഞു.

## <u>Estimation and enumeration (where required) of affected families and assets</u>

**<u>Estimation of families</u>**

(a) **<u>Families which are directly affected (own land that is proposed to be acquired)</u>**

ഏറ്റെടുക്കപ്പെടാൻ പോകുന്ന സ്ഥലം 2.47 സെന്റ് മാത്രമാണെന്നും ഇത് റോഡിനു സമാന്തരമായി കിടക്കുന്ന സ്ഥലമാണെന്നും സൂചിപ്പിച്ചിരുന്നല്ലോ. ഈ സ്ഥലത്തു ഒരു തരത്തിലുള്ള നിർമ്മിതികളോ ചമയങ്ങളോ ഇല്ല.

**<u>Family of scheduled tribes and other traditional forest dwellers who have lost any of their forest rights.</u>**

ഇവിടെ അത്തരത്തിലുള്ള ഗിരിവർഗക്കാർ താമസിക്കുന്നില്ല

**<u>Families which depend on common property resources which will be affected due to acquisition of land for their livelihood</u>**

ഇല്ല

**<u>Families which have been assigned land by the state government or the central government under any of its schemes and such land is under acquisition</u>**

ഇല്ല

**<u>Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land</u>**

ഇല്ല

**Families which are indirectly impacted by the project (not affected directly by the acquisition of own land)**

ഇല്ല

**(a) <u>Inventory of productive assets and significant lands</u>**

ഇല്ല

## <u>Socio- economic and cultural profile (affected area and resettlement site)</u>

### <u>Demographic details of the population in the project area</u>

നേരത്തെ വ്യക്തമാക്കിയതുപോലെ അഞ്ചരക്കണ്ടി മട്ടന്നൂർ റോഡിൽ കല്ലേരിക്കര ബസ് കാത്തിരിപ്പുകേന്ദ്രം മുതൽ 2 ആം നമ്പർ ഓവുചാൽ വരെ ഏകദേശം 60 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലുമുള്ള സ്ഥലമായതിനാൽ, ഈ സ്ഥലത്ത് ആരും തന്നെ താമസിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നതോടൊപ്പം ആരെയും പുനരധിവസിപ്പിക്കേണ്ടതില്ല എന്നും വ്യക്തമാക്കുന്നു.

### <u>Income and poverty levels</u>

ഈ സ്ഥലത്തിന്റെ ഉടമ ഒരു കോളേജ് അധ്യാപകനാണ്.

### <u>Vulnerable groups</u>

ഇല്ല

### <u>Land use and livelihood</u>

മുന്നേ വ്യക്തമാക്കിയതുപോലെ റിബ്ബൺ പോലെ കിടക്കുന്ന ഈ ഭൂമി ഒരു വിശാലമായ പറമ്പിന്റെ ഭാഗമാണ്. ഇവിടെ മൂന്നു പടുമരങ്ങൾ (അതിരിൽ അടക്കം) അല്ലാതെ മറ്റൊന്നും തന്നെയില്ല. ഈ സ്ഥലത്തു ഒരു തരത്തിലുമുള്ള ആദായം ലഭിക്കുന്ന ഫലവൃക്ഷങ്ങൾ ഇല്ല എന്ന് വ്യക്തമാക്കുന്നു. ഈ സ്ഥലം ഏറ്റെടുപ്പ് ആരെയും ഒരു തരത്തിലും ബാധിക്കുന്നില്ല.

## Local economic activities

ഈ മേഖലയിൽ നേരത്തെ വ്യക്തമാക്കിയതുപോലെ 7 കുടുംബങ്ങൾ മാത്രമാണ് താമസിച്ചു വരുന്നത്. മത്സ്യകച്ചവടം, സാധാരണ ഷോപ്പ്, കെട്ടിട നിർമ്മാണ മേഖല എന്നിവ ആശ്രയിച്ചു ജീവിക്കുന്നു. ഒരു സർക്കാരുദ്യോഗസ്ഥനും മറ്റൊരാൾ സമീപത്തെ പാൽ സൊസൈറ്റിയിലെ സേവനം അനുഷ്ഠിക്കുന്നു. ഈ പ്രദേശത്തിന്റെ സാമ്പത്തിക പ്രവർത്തനത്തെ ഇവർ ഒരു പരിധിവരെ ഉത്തേജിപ്പിക്കുന്നു.

## Factors that contribute to local livelihood

ഈ പ്രദേശത്തെ സാധാരണക്കാർ നാടൻപണി, കെട്ടിടനിർമ്മാണമേഖലയിലെ കൂലിപ്പണി എന്നിവ ചെയ്തുവരുന്നവരാണ്. മത്സ്യകച്ചവടവും, അനാദികടയും നടത്തുന്നവരുണ്ട്. ദിവസവേതനക്കാരും, ചെറുകിടകച്ചവടക്കാരും ഈ പ്രദേശത്തെ സാമൂഹ്യജീവിതത്തെ ഉത്തേജിപ്പിക്കുന്നു.

## Kinship patterns and social and cultural organizations.

ഹിന്ദു മതവിഭാഗത്തിൽ പെടുന്ന അണു കുടുംബങ്ങളാണ് ഇവിടെയുള്ളത്. ഇവിടെ സമീപത്തു ഐശ്വര്യ വായനശാല ഏകദേശം 30 വർഷത്തോളമായി, ഈ പ്രദേശത്തെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ സജീവമായി നിലകൊള്ളുന്നു.

## Administrative organizations

പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഭാഗമായ മട്ടന്നൂർ നഗരസഭയുടെ 27 )ം ഡിവിഷനായ എയർപോർട്ട് ഡിവിഷന്റെ ഭാഗമാണ് ഈ പ്രദേശം.

## Political organizations

കല്ലേരിക്കര ഭാഗത്ത് CPI(M) മാത്രമാണ് രാഷ്ട്രീയപാർട്ടിയായിട്ടുള്ളത്.

## Community based and civil society organisations

ഇത്തരം സംഘങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്തു പ്രവർത്തിക്കുന്നില്ല

## Regional dynamics and historical change processes

മട്ടന്നൂർ നഗരസഭയിലെ 27 ആം ഡിവിഷനായ എയർപോർട്ട് ഡിവിഷനിൽപ്പെടുന്ന ഒരു ഗ്രാമീണ മേഖലാപ്രദേശമാണ് കല്ലേരിക്കര. ആദ്യകാലഘട്ടങ്ങളിൽ നാടൻപണിയും, നിർമ്മാണമേഖലയിലെ പണിയുമായിരുന്നു ഇവിടുത്തുകാർ ചെയ്തുവന്നിരുന്നത്. ഇപ്പോൾ ചിലർ കച്ചവടമേഖലകളിലും സർക്കാർ സർവീസ്, സഹകരണ മേഖലകളിലും സേവനം ചെയ്തുവരുന്നുണ്ട്. 2018 അവസാനത്തോടെ KIAL ന്റെ ഭാഗമായി കണ്ണൂർ അന്തർദേശിയ വിമാനത്താവളത്തിന്റെ പ്രവർത്തനോദ്ഘാടനം നടന്ന ശേഷം, അതിന്റെ പ്രത്യേക സ്വാധീനമൊന്നും ഈ മേഖലയെ ബാധിച്ചിട്ടില്ല. ഇവിടെ കഴിഞ്ഞ 30 വർഷമായി പ്രവർത്തിച്ചുവരുന്ന ഐശ്വര്യ വായനശാല, ഈ പ്രദേശത്തുകാരുടെ സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക മേഖലകളിൽ സ്വാധീനം ചെലുത്തി വരുന്നുണ്ട്.

**Quality of living environment**

ഒരു ഗ്രാമീണ അന്തരീക്ഷത്തിനു അനുയോജ്യമായ ജീവിത സാഹചര്യമാണ് ഇവിടെയുള്ളത്.

## Social Impact Management Plan

## Approach to mitigation

അഞ്ചരക്കണ്ടി മട്ടന്നൂർ റോഡിൻറെ കിഴക്കു വശത്തായി, ഉയർന്ന കുന്നിൻ പ്രദേശത്തെയും, എയർപോർട്ട് മേഖലയിലെയും വെള്ളം ഒഴുക്കുന്നതിനായി പൊതുമരാമത്തു വകുപ്പിനാൽ നിർമ്മിക്കപ്പെട്ട ചെറിയ ഓവുചാൽ കല്ലേരിക്കര ബസ് കാത്തിരിപ്പുകേന്ദ്രം വരെയാണുള്ളത്. ഇതിലൂടെ ഒഴുകിവരുന്ന വെള്ളം, തുടർന്ന് ചാലില്ലാത്തതിനാൽ അല്പം ചെരിഞ്ഞു കിടക്കുന്ന കിഴക്കു ഭാഗത്തെ ഏഴോളം കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തേക്ക് എത്തുകയും അവർക്ക് പ്രയാസം ഉണ്ടാകുകയും ചെയ്യുന്നു. ഇതൊഴിവാക്കാൻ ഈ ചെറിയ ഓവുചാലിന് ഏകദേശം 60 മീറ്ററോളം നീട്ടി, ഡ്രയിനേജ് നം 2 ഇൽ എത്തിക്കാനാണ് റോഡിനോട് ചേർന്ന് കിടക്കുന്ന 1 ആർ സ്ഥലം ഏറ്റെടുക്കുന്നത്. ഈ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ആഘാതങ്ങൾ താഴെ കാണിക്കുന്നു.

**Measures to avoid, mitigate and compensate impact**

ഈ സ്ഥലം ഏറ്റെടുപ്പ് ഒരു തരത്തിലുള്ള ആഘാതവും ഉണ്ടാക്കുന്നില്ല. അതിനാൽ തന്നെ ആഘാത ലഘൂകരണത്തിനു പ്രത്യേക നടപടികൾ ഒന്നും ആവശ്യമില്ല.

**സാമ്പത്തിക നടപടികൾ**

ഇവിടെ ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലം ഒരു വ്യക്തിയുടേത് മാത്രമാണ്. പ്രൊഫ. ജഗന്നാഥൻ പൂവത്തുംകണ്ടിയുടെ സ്ഥലം ഇവിടെ ഇതിനു മുൻപും, അളന്നോ, അളക്കാതെയോ ഏറ്റെടുത്തതായും, അത് സംബന്ധിച്ച ചില തർക്കങ്ങളും, പ്രയാസങ്ങളും ഉണ്ടായതായും അറിയാൻ സാധിച്ചു. റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലമായതുകൊണ്ടുതന്നെ RFCTLARR Act 2013 ലെയും RFCTLARR Act (Kerala) rules 2015 അനുസരിച്ചു നഷ്ടപരിഹാരം നൽകി, ഉടമയ്ക്ക് ഉണ്ടാകുന്ന ആഘാതം പരിഹരിക്കാവുന്നതാണ്.

## പാരിസ്ഥിതിക നടപടികൾ

ഏറ്റെടുക്കാൻ പോകുന്ന ഈ സ്ഥലത്തിന്റെ പടിഞ്ഞാറു ഭാഗത്ത് രണ്ടു പടുമരങ്ങളും, കിഴക്കുഭാഗത്തായി ഒരു മരവുമാണുള്ളത്. ഇവ സംരക്ഷിച്ചുകൊണ്ടുതന്നെ ചെറിയ ഓവുചാൽ നിർമ്മിക്കാവുന്നതാണ്. ഇവിടെ മറ്റു പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും തന്നെയില്ല.

## Measures that are included in the terms of rehabilitation and resettlement and compensation as outlined in the act

ഈ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് പുനരധിവാസമോ പുനഃസ്ഥാപനമോ ആവശ്യമായി വരുന്നില്ല. ഭൂമിയുടെ അർഹവും അനുവദനീയവുമായ വില ഉടമയ്ക്ക് ലഭ്യമാക്കപ്പെട്ടാൽ മതിയാകും.

## Measures that the requiring body has stated it will introduce in the project proposal

അങ്ങിനെ പ്രത്യേകമായ നടപടികൾ ഒന്നുംതന്നെ ആവശ്യമായി വരുന്നില്ല.

## Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process

നിലവിലുള്ള ചെറിയ ഓവുചാൽ അല്പം കൂടി നീട്ടി, നിലവിലെ 2 ആം നമ്പർ ഡ്രയിനേജിലേക്ക് വെള്ളം എത്തിക്കാനാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത്. ഇതിനു ഏറ്റവും അനുയോജ്യമായത് 74/1 ലെ റോഡിനോട് ചേർന്ന് കിടക്കുന്ന സ്ഥലം തന്നെയാണ്. അതിനാൽ തന്നെ പ്രൊജക്റ്റ് ഡിസൈനിൽ മാറ്റം വരുത്താൻ സാധിക്കില്ല. ഇവിടെ സ്ഥലമേറ്റെടുപ്പുമായി തീവ്രമായ ആഘാതംഒന്നും ഉണ്ടാകുന്നില്ല. അതിനാൽ ആഘാത ലഘൂകരണത്തിനായി മറ്റു നടപടികൾ ഒന്നുംതന്നെ ആവശ്യമില്ല.

**Detailed mitigation plan**

ഇവിടെ, കല്ലേരിക്കര ബസ് ഷെൽട്ടർ പരിസരം വരെ എത്തിനിൽക്കുന്ന ഓവുചാലിന് 2 ആം നമ്പർ ഡ്രയിനേജിലേക്ക് ബന്ധിപ്പിക്കുന്നതിനായി ഒരു വ്യക്തിയുടെ 1 ആർ സ്ഥലം മാത്രമാണ് ഏറ്റെടുക്കപെടുന്നത്. ഇവിടെ ഇപ്പോഴുള്ള ക്രയവിക്രയ സ്ഥിതി അനുസരിച്ചു നടപ്പിലുള്ള നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ ഉടമയ്ക്ക് സ്ഥലം വിട്ടു നല്കാൻ പ്രയാസം ഉണ്ടാകില്ല.

**SIMP- Institutional framework**

- **Description of institutional structures and key person responsible for each mitigation measures**
    - RFCTLARR ആക്ട് പ്രകാരം ചുമത്തപ്പെട്ട റെവന്യൂ അധികൃതർ

- **Specify role of NGO's etc, if involved**

ഇല്ല

- **Indicate capacities required and capacity building plan, including technical assistance, if any**

ഇല്ല

- **Timelines for each activity**

നിയമത്തിലും ചട്ടത്തിലും നിശ്ചയിക്കപ്പെട്ട സമയ പരിധി

## Social impact management plan Budget and financing of mitigation plan

- **Cost of all resettlement and rehabilitation costs**

ഇവിടെ പുനരധിവാസമോ പുനഃസ്ഥാപനമോ ആവശ്യമില്ല

- **Annual budget and plan of action**

ഏറ്റെടുക്കപെടുന്ന സ്ഥലത്തിനു, നഷ്ടപരിഹാര തുക നിശ്ചയിക്കപ്പെട്ടു കഴിഞ്ഞാൽ വ്യക്തമായ നടപടി ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകും.

- **Funding sources with breakup**

പ്രാഥമിക പ്രവർത്തനങ്ങൾക്കായി അല്പം തുക നീക്കി വച്ചു എന്നല്ലാതെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫണ്ടുകൾ ലഭ്യമാക്കപ്പെട്ടില്ല എന്ന് അറിയാൻ കഴിഞ്ഞു

## SIMP- Monitoring and evaluation

- **Key monitoring and evaluative indicators**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- **Reporting mechanisms and monitoring roles**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- **Plan for independent evaluation**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

## Analysis of costs and benefits and recommendation on acquisition

**Final conclusions on:**

- **Assessment of public purpose**

നിലവിൽ കല്ലേരിക്കര ബസ് കാത്തിരിപ്പുകേന്ദ്രം വരെ നിർമ്മിക്കപ്പെട്ട ചെറിയ ഓവുചാലിലൂടെ, അഞ്ചരക്കണ്ടി മട്ടന്നൂർ റോഡിൻറെ ഉയർന്ന ഭാഗങ്ങളിലൂടെയുള്ള മഴവെള്ളം, കുത്തിയൊലിച്ചുവന്നു, 2 ആം നമ്പർ ഡ്രയിനേജിലേക്ക് എത്താൻ വഴിയില്ലാത്തതിനാൽ, ഈ റോഡിൻറെ കിഴക്കു ഭാഗത്ത് താമസിക്കുന്ന ഏഴു കുടുംബങ്ങൾക്ക് പ്രയാസം സൃഷ്ടിച്ചുകൊണ്ട് വീട്ടുപറമ്പിലേക്കും കിണറുകളിലേക്കും ഒഴുകിവരുന്നു. ഇത് പരിഹരിക്കപ്പെടണമെന്ന സ്ഥിര താമസക്കാരായ നാട്ടുകാരുടെ ആവശ്യം പരിഹരിക്കാനാണ് ഈ ചെറിയ ഓവുചാൽ ഏകദേശം 60 മീറ്റർ അനുബന്ധമായി നിർമ്മിച്ചു 2 ആം നമ്പർ ഡ്രയിനേജിലേക്ക് എത്തിക്കുന്നത്.

അതുവഴി ഇവിടുത്തുകാരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നു. KIAL നു വേണ്ടി KINFRA യാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. ഈ ഭൂമി ഏറ്റെടുക്കൽ പൊതുവായ ആവശ്യത്തിന് തന്നെയാണ്.

- **Less displacing alternatives**

നിലവിലുള്ള റോഡിനോട് ചേർന്ന് ചെറിയ ഓവുചാൽ അല്പം നീട്ടി ഡ്രയിനേജ് നം 2 ഇൽ എത്തിക്കണമെങ്കിൽ, റോഡിനോട് ചേർന്നുള്ള സ്ഥലം തന്നെ വേണമല്ലോ. അതിനാൽ പകരം സ്ഥലത്തെ എന്നത് പരിഗണിക്കാൻ നിർവാഹമില്ല.

- **Minimum requirement of land**

നിലവിലെ ചെറിയ ഓവുചാൽ അതേ മാനദണ്ഡത്തിൽ ഏകദേശം 60 മീറ്ററോളം നീട്ടുന്നതിനാവശ്യമായ, ഏറ്റവും കുറഞ്ഞ സ്ഥലം മാത്രമാണ് (1ആർ) ഏറ്റെടുക്കപെടുന്നത്.

- **Nature and intensity of social impacts**

ഇവിടെ ചെറിയ ഓവുചാലിന് അനുബന്ധമായി നേരത്തെ വ്യക്തമാക്കിയ 60 മീറ്റർ ചാൽ നിർമ്മിക്കാനായി 1 ആർ സ്ഥലം ഏറ്റെടുക്കപെടുമ്പോൾ, ബാധിക്കാനിടയുള്ളത് കേവലം മൂന്ന് പടുമരങ്ങളെയാണ്. ഇവിടെ മുൻപ് ഓവുചാൽ നിർമ്മിക്കുമ്പോൾ, നിലവിലുണ്ടായിരുന്ന മരങ്ങൾ സംരക്ഷിച്ചാണ് നിർമ്മിച്ചത്. അത്പോലെ ഇവിടെയുള്ള മൂന്നു മരങ്ങളും സംരക്ഷിക്കാൻ ശ്രദ്ധിക്കാവുന്നതാണ്. സ്ഥലത്തെ ഏറ്റെടുക്കപെടുമ്പോൾ ലഭിക്കുന്ന നഷ്ടപരിഹാരം, ഉടമയുടെ ആഘാതം ഇല്ലാതാക്കുന്നു.

- **Viable mitigation measures extent to which mitigation measures will address costs**

ഈ സ്ഥലം ഏറ്റെടുക്കുമ്പോൾ യാതൊരു തരത്തിലുള്ള ആഘാതവും ഉണ്ടാകാനിടയില്ല എന്ന നേരത്തെ വ്യക്തമാക്കിയതാണ്. ഇവിടെ തുക ചിലവഴിക്കപ്പെടുന്നത്, ഏറ്റെടുക്കപെടുന്ന ഭൂമിയുടെ നഷ്ടപരിഹാരവും, ചെറിയ ഓവുചാലിന്റെ അനുബന്ധ നിർമ്മിതിക്കുമാണ്. ഈ നിർമ്മിതി, ഈ സ്ഥലത്തിന്റെ കിഴക്കു ഭാഗത്ത് താമസിച്ചുവരുന്ന ഏഴു കുടുംബങ്ങൾ, മൺസൂൺ കാലത്ത് അനുഭവിക്കുന്ന പ്രയാസങ്ങൾ ഇല്ലാതാക്കുന്നു. കിണറുകളിലെ കുടിവെള്ളം പോലും മലിനമാകുന്ന അവസ്ഥ ഒഴിവാകുന്നു.

ഇവിടെ ഈ ഏഴു കുടുംബത്തിന്റെയും സ്വത്തും കുടിവെള്ളവും സംരക്ഷിക്കപ്പെടുന്നു. ചെലവഴിക്കപ്പെടുന്ന തുകയേക്കാൾ, കാലക്രമത്തിൽ ലഭിക്കുന്ന ആശ്വാസവും സന്തോഷവും സമാധാനവും മൂല്യനിർണ്ണയത്തിനതീതമാണ്.

- **Final recommendation on whether the acquisition should go through or not**

അഞ്ചരക്കണ്ടി - മട്ടന്നൂർ റോഡിൽ, കല്ലേരിക്കര ഭാഗത്തെ, ബസ് കാത്തിരിപ്പുകേന്ദ്രത്തിനു സമീപത്തെത്തി നിൽക്കുന്ന ചെറിയ ഓവുചാലിനെ KIAL ലെ 2 ആം നമ്പർ ഡ്രയിനേജിനോട് യോജിപ്പിക്കാനായിട്ടുള്ള കേവലം 1 ആർ സ്വകാര്യ ഭൂമി ഏറ്റെടുക്കപെടുമ്പോൾ, പൊതു സ്ഥാപനങ്ങൾക്കോ കെട്ടിടങ്ങൾക്കോ, താമസിച്ചുവരുന്ന വീടുകൾക്കോ, ആരുടെയെങ്കിലും തൊഴിലിനോ വരുമാനത്തിനോ പരിസ്ഥിതിക്കോ യാതൊരു തരത്തിലുള്ള ആഘാതനഗലും ഉണ്ടാക്കുന്നില്ല. ഈ പ്രദേശത്തു, റോഡിൻറെ കിഴക്കു ഭാഗത്തെ ചെരിഞ്ഞ പ്രതലത്തിൽ താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് ഏറെ ഗുണകരമായ ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ്.

**18.08.2022**

**ചെയർമാൻ**
**സാമൂഹ്യാഘാത പഠനയൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ )**

## ചിത്രങ്ങൾ

ഏറ്റെടുക്കാനുദ്ദേശിക്കുന്ന  ഭൂമിയുടെ ചിത്രങ്ങൾ






HOTEL







പരിസരവാസിയുമായി ചർച്ച പഠന യൂണിറ്റ് അംഗം ചെയ്യുന്നു



വില്ലജ് ഓഫീസിലെ ഉദ്യോഗസ്ഥനുമായി പഠനയൂണിറ്റ് അംഗം ചർച്ച ചെയ്യുന്നു



വില്ലജ് ഓഫീസറുമായി പഠന യൂണിറ്റ് അംഗം ചർച്ച ചെയ്യുന്നു




മുനിസിപ്പൽ സെക്രെട്ടറിയുമായി പഠന യൂണിറ്റ് അംഗം ചർച്ച നടത്തുന്നു.

പൊതുകേൾക്കൽ യോഗത്തിന്റെ ചിത്രങ്ങൾ







/16836?/2?22

കണ്ണൂർ ജില്ലാ കളക്ടറുടെ 21-06-2022 തീയ്യതിയിലെ നടപടിക്രമം
(സാന്നിദ്ധ്യം- ചന്ദ്രശേഖർ. എസ്. ഐ എ എസ്)

വിഷയം:- Social Impact Assessment Study-കണ്ണൂർ വിമാനത്താവളം ഡ്രെയിനേജ് 2 അനുബന്ധം- നിർമ്മാണം സ്ഥലമെടുപ്പ്-സാധ്യതാ പഠനം ഏജൻസിയെ നിയോഗിച്ച് ഉത്തരവാക്കുന്നത് സംബന്ധിച്ച്

സൂചന:- 1) കിൻഫ്ര എം.ഡി യുടെ 14.07.2022 ലെ KIN/VII-59/2021-22 നമ്പർ അർത്ഥന 2) 13.04.2022 ന നടത്തിയ യോഗതീരുമാനം.

......................

കണ്ണൂർ വിമാനത്താവളം പദ്ധതി പ്രദേശത്തു നിർമ്മിച്ച ഡ്രെയിനേജ് നമ്പർ 2 ന് അനുബന്ധമായി നിർമ്മാണം നടത്തുന്നതിന് 1 ആർ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി സൂചന(1) പ്രകാരം LARR Act 2013 ന് അനുസൃതമായി ഫോറം 2 ൽ അർത്ഥന ലഭ്യമായിട്ടുണ്ട് . മേൽ നിയമാനുസൃതം ഭൂമി ഏറ്റെടുക്കുന്നതിന് സാധ്യതാ പഠനവും social Impact Assessment Study യും നടത്തേണ്ടതായിട്ടുണ്ട് .

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം(Social Impact Assessment Study) നടത്തുന്നതിന് ഏജൻസികളിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ളതും സൂചന(2) പ്രകാരം യോഗം ചേരുകയും കെയ്റോസ് കണ്ണൂർ എന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ് .ആയതിനാൽ വിമാനത്താവളം ഡ്രെയിനേജ് നിർമ്മാണം സ്ഥലമെടുപ്പിനു മുന്നോടിയായിട്ടുള്ള Social Impact Assessment Study നടത്തുന്നതിനുള്ള ഏജൻസിയായി കെയ്റോസ് കണ്ണൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു .

മേൽ സ്ഥാപനം ഉത്തരവ് തീയ്യതി മുതൽ 30 ദിവസത്തിനകം പഠനം പൂർത്തിയാക്കി റിപ്പോർട്ട് ജില്ലാകലക്ടർക്ക് സമർപ്പിക്കേണ്ടതാണ്. കൂടാതെ ആവശ്യമായ വൗച്ചറുകൾ സഹിതം ചിലവായ തുക സംബന്ധിച്ച വിവരവും സമർപ്പിക്കേണ്ടതാണ്.

സാമൂഹിക ആഘാതപഠനത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമസ്ഥരുടെ വാദം കേൾക്കുന്നതിനായി ഏജൻസിയെ സഹായിക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ(എൽ.എ) എയർപോർട്ട് യൂണിറ്റ് ഒന്നിനെയും നിയോഗിച്ച് ഉത്തരവാകുന്നു. അർത്ഥനാധികാരിയായ കിൻഫ്ര എം.ഡി, മട്ടന്നൂർ മുൻസിപ്പൽ സെക്രട്ടറി, വില്ലേജ് ആഫീസർ പഴശ്ശി എന്നിവരും സാമൂഹിക ആഘാത പഠനത്തിന് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്യേണ്ടതാണ്.

കണ്ണൂർ ജില്ലാ കളക്ടർ
DISTRICT COLLECTOR

Signed by Chandrasekar S
Date: 21-06-2022 14:09:46

പകർപ്പ്:സ്പെഷ്യൽ തഹസിൽദാർ(എൽ.എ) മട്ടന്നൂർ

1. അഡ്രൈസർ, കിൻഫ്ര മട്ടന്നൂർ
2. വില്ലേജ് ആഫീസർ പഴശ്ശി

സെക്രട്ടറി, മട്ടന്നൂർ മുൻസിപ്പാലിറ്റി

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 ജൂൺ 21<br>21st June 2022<br>1197 മിഥുനം 7<br>7th Mithunam 1197<br>1944 ജ്യേഷ്ഠം 31<br>31st Jyaishta 1944 | നമ്പർ<br>No. | 2050 |

ഫോറം നമ്പർ 4

[ റൂൾ 11(3) കാണുക]

വിജ്ഞാപനം

DCKNR/2388/2022 -C7

*2022 ജൂൺ 21*

താഴെ പട്ടികയിൽ വിവരിച്ച പ്രകാരമുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് .കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പരിസരത്തു നിന്നും മഴവെള്ളം ഒഴുകി പോകുന്നിനുള്ള തോട് 2 അനുബന്ധം ഓവുചാലിൻെറ നിർമ്മാണം നടത്തുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം - 2013 (കേന്ദ്ര നിയമം 30, 2013) ലെ വകുപ്പ് 4 (1) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ട്, 200 ആറിൽ കവിയാത്ത ഭൂമി പൊതു ആവശ്യത്തിന് ഏറ്റെടുക്കേണ്ട അവസരത്തിൽ കേരള സർക്കാർ അതാതു ജില്ലാ കളക്ടറെ ജി.ഒ.(പി)നം.376/ 2016/ആർ.ഡി തീയ്യതി 29/06/2016, എസ്.ആർ.ഒ നം.468/16 എന്നിവ പ്രകാരം സമുചിത സർക്കാരായി അധികാരപ്പെടുത്തിയിട്ടുള്ളതിനാലും താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന ഭൂമി സംബന്ധിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ആയതുകൊണ്ട്, ഇപ്പോൾ കണ്ണൂർ ജില്ലയിലെ ബന്ധപ്പെട്ട പ്രദേശത്ത് നിയമാനുസൃതം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും ഒരു സാമൂഹ്യ പ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും കെയ്റോസ് കണ്ണൂർ എന്ന സ്ഥാപനത്തെ ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് എന്ന നിലക്ക് അധികാരപ്പെടുത്തിയിരിക്കുന്നു. മേൽപ്രവൃത്തി ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതും യാതൊരു കാരണവശാലും ആയത് ആറുമാസത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| *ജില്ല* : കണ്ണൂർ<br>*താലൂക്ക്* : ഇരിട്ടി | | *വില്ലേജ്* : പഴശ്ശി *ദേശം* : മട്ടന്നൂർ | |
|---|---|---|---|
| ക്രമ നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ വിവരണം | വിസ്തീർണ്ണം (ഹെക്ടർ) |
| 1 | 74/1 | തോട് നമ്പർ 2 അനുബന്ധം<br>മട്ടന്നൂർ ദേശം പഴശ്ശി വില്ലേജ് ഇരിട്ടി താലൂക്ക് | 0.0100 |
| | | ആകെ | **0.0100 ഹെക്ടർ** |


(ഒപ്പ്)

ജില്ലാ കളക്ടർ , കണ്ണൂർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

Digitally signed by VEERAN T
Date:2022.06.21 07:55:06 +05

This is a digitally signed Gazette.


74/1
(extension of existing drain No-2)
62
64
74/1
73
74/1
0.0100
SPECIAL TAHSILDAR (LA)
Airport No. 1
MATTANNUR
Prepared by

ഫോറം നമ്പർ 5

(ചട്ടം (14) 1 കാണുക )

പരസ്യം

കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിൽ, പഴശ്ശി വില്ലേജിൽപ്പെട്ട മട്ടന്നൂർ ദേശത്തിലെ കല്ലേരിക്കരയിലെ താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി പൊതു താൽപര്യത്തിന് ആവശ്യമുള്ളതിനാലും അല്ലെങ്കിൽ ആവശ്യമുണ്ടാകാൻ സാധ്യതയുള്ളതിനാലും 2022 ജൂൺ 21-ാം തീയ്യതിയിലെ 2050-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന് അനുബന്ധമായി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും , സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപ വകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഭൂമിയുമായി താൽപ്പര്യപ്പെടുന്ന മുഴുവൻ വ്യക്തികളും, സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പൊതു അവകാശവാദത്തിന് 2022 ജൂലൈ മാസം 23-ാം തീയ്യതി ശനിയാഴ്ച രാവിലെ 11 മണിക്ക് കല്ലേരിക്കര ഐശ്വര്യ വായനശാലയിൽ ഹാജരാകണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | വിവരണം | ഭൂഉടമസ്ഥർ |
|---|---|---|---|---|
| 1 | 74/1 | പഴശ്ശി | നിലം | പി കെ ജഗന്നാഥൻ |

കണ്ണൂർ

07.07.2022

KAIROS KANNUR- 13

ചെയർമാൻ (ഒപ്പ്)

സാമൂഹ്യആഘാത പഠന യൂണിറ്റ്

(കയ്റോസ്-കണ്ണൂരധക്ത)

ധികൃതർ സ്ഥലത്തെത്തി പ്ര ദേവാസികൾക്ക് മുന്നറിയിപ്പ് കി. കനത്ത മഴയിൽ വൈദ്യു ലൈനുകൾക്ക് കേടുപാട് പറ്റി വൈദ്യുതിവിതരണം തടസപ്പെടു ന്നും തുടരുകയാണ്.

ജ്മൂലക്കാട്ട്, ജോജിമൂഞ്ഞൊട്ട്, മാത്യു മുഴക്കൽ, രാജമ്മ കുമ്പിടിയാമാക്കൽ, ദേവസ്യ കുമ്പിടിയാമാക്കൽ എന്നിവരുടേതുൾപ്പെടെയാണ് വാഴ കൃഷി നശിച്ചത്. കുലച്ച വാഴകൾ ആണ് നശിച്ചതിൽ കൂടുതലും.

ദേശങ്ങളിലും താമസിക്കുന്നവരോട് ജാഗ്രത പാലിക്കാൻ ഇരിട്ടി തഹസിൽദാറുൾപ്പെടെയുള്ളവർ നിർദേശം നൽകി. മലയോര മേഖലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യ

യത്. മഴ ഇനിയും കനത്താൽ അയ്യൻകുന്ന്, ആറളം, ഉളിക്കൽ പഞ്ചായത്തുകളിലുൾപ്പെടുന്ന മലയോര മേഖലകൾ ഉരുൾപ്പൊട്ടൽ ഭീഷണിയിലാകുമെന്നും ആശങ്കയുണ്ട്.



## ...സ്ഫോടനം; ...നാട്

...കളായ ഫസൽ ഹഖ് (45), ...കൻ സെയ്തുൽ ഹഖ് (22) എന്നിവരാണ് മരിച്ചത്.

സ്ഫോടനത്തിൽ വീടിന്റെ മേൽക്കൂരയും തകർന്നിരുന്നു. മാലിന്യം ശേഖരിക്കുമ്പോൾ ലഭിച്ച സ്ഫോടകവസ്തു വീടിനുള്ളിൽ വച്ച് തുറന്നു നോക്കുമ്പോൾ പൊട്ടിത്തെറിച്ചതാകാമെന്നാണു പൊലിസിന്റെ നിഗമനം. കണ്ണൂർസിറ്റിപൊലിസ് കമ്മിഷണർ. ആർ. ഇളങ്കോ, കൂത്തുപറമ്പ് എ.സി.പി പ്രദീപൻ കണ്ണിപ്പൊയിൽ, മട്ടന്നൂർ ഇൻസ്പെക്ടർ എം. കൃഷ്ണൻ, എസ്.ഐ കെ.വി. ഉമേഷ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു.

നഗരസഭാ അധ്യക്ഷ കെ. ...ഷീലത, കൗൺസിലർമാരായ പി.കെ ബൾക്കീസ്, സാജിത ചൂര്യാട്ട്, സക്കീർ ഹുസൈൻ തുടങ്ങിയവരും സ്ഥലത്തെത്തിയിരുന്നു.

## ...ംപയിൻ

...ജില്ലാ ചെയർമാൻ അബ്ദുൽ നാസർ മൗലവി ഊർപ്പള്ളി ഉദ്ഘാടനം നിർവഹിക്കും. അഫ് ലഹ് ...മായൻമുക്ക് അധ്യക്ഷനാകും. ...മുനീർ കുന്നത്ത് മുഖ്യ പ്രഭാഷണം നടത്തും. റഫീഖ് ദാരിമി, മുഹമ്മദലി മൗലവി, ഹാരിസ് ഹുദവി, തൻവീർ ഹുദവി, ആദിൽ ഹുദവി, സാലിഹ്, അഹ്സാൻ മൗവ ...ഞ്ചരി പങ്കെടുക്കും.

# ഇതെന്റെ മക്കൾ, ഇവയെ കൊല്ലരുത്

■ മുറിവേറ്റ ശിൽപങ്ങൾ കാണാൻ കാനായി പയ്യാമ്പലത്ത്

**കണ്ണൂർ**

പയ്യാമ്പലത്ത് മുറിവേൽപ്പിക്കപ്പെട്ട തന്റെ ശിൽപങ്ങൾ നേരിട്ടുകണ്ട് സാംസ്കാരിക കേരളത്തോടു പ്രശസ്ത ശിൽപി കാനായി കുഞ്ഞിരാമൻ പറഞ്ഞു. ഇതെന്റെ മക്കളാണ്, ഇവയെ കൊല്ലരുത്. ബീച്ചിനോടു ചേർന്ന പാർക്കിൽ കൈയേറ്റത്തിനിരയായ കാനായിയുടെ റിലാക്സേഷൻ ശിൽപത്തിനു മുന്നിൽ ചിത്രകാരന്മാരും ശിൽപികളും സാംസ്കാരികപ്രവർത്തകരും കാനായിക്കൊപ്പം നിന്ന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

പയ്യാമ്പലം പാർക്കിൽ കാനായി നിർമിച്ച അമ്മയും കുഞ്ഞും ശിൽപം ഇതിനകം നശിപ്പിക്കപ്പെട്ടു കഴിഞ്ഞു. റിലാക്സിങ് എന്ന ശിൽപത്തിനു തൊട്ടരികിലാണ് വാക്ക്‌വേ എന്ന പേരിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ അധികൃതർ കൂറ്റൻ ടവർ സ്ഥാപിച്ചത്. ശിൽപത്തിന്റെ കൈകളടക്കം ഇപ്പോൾ മറഞ്ഞു.



കാനായി കുഞ്ഞിരാമൻ പയ്യാമ്പലം പാർക്കിൽ കൈയേറ്റത്തിനിരയായ ശിൽപത്തിനു മുന്നിൽ

ഇന്നലെ രാവിലെയാണ് ഭാര്യ നളിനിക്കൊപ്പം കാനായി ശിൽപങ്ങളുടെ ദുരവസ്ഥ കാണാനെത്തിയത്. കാനായിയുടെ വരവറിഞ്ഞ് ചിത്രകലാപരിഷത്ത് പ്രവർത്തകരും ശിൽപികളും പയ്യാമ്പലത്ത് എത്തിയിരുന്നു. ശിൽപി വത്സൻ കൂർമകൊല്ലേരി, കെ.എം ശിവകൃഷ്ണൻ, ഡോ. എ.ടി മോഹൻരാജ്, വി.എസ് അനിൽകുമാർ, ഹരീന്ദ്രൻ ചാലാട്, ശശികുമാർ കതിരൂർ, പ്രസാദ് ചൊവ്വ, ചിത്രൻ കുഞ്ഞിമംഗലം സംബന്ധിച്ചു.

# കരിപ്പൂരിൽ ഒരുകിലോ സ്വർണവുമായി രണ്ടുപേർ അറസ്റ്റിൽ

**കൊണ്ടോട്ടി**

കരിപ്പൂർ വിമാനത്താവളത്തിൽ കസ്റ്റംസിനെ വെട്ടിച്ച് കടത്താൻ ശ്രമിച്ച ഒരുകിലോ സ്വർണവുമായി യാത്രക്കാരനടക്കം രണ്ടുപേർ കരിപ്പൂർ പൊലിസിന്റെ പിടിയിലായി. യാത്രക്കാരനായ കോഴിക്കോട് കൊടുവള്ളി ആവിലോറ കിഴക്കോത്ത് എ.പി നിസാർ (36), സ്വീകരിക്കാനെത്തിയ കണ്ണൂർ വട്ടപ്പൊയിൽ എ.പി മൻസിൽ മുഹമ്മദ് റാസി (33) എന്നിവരെ പൊലിസ് അറസ്റ്റു ചെയ്തു.

ജിദ്ദയിൽ നിന്നു കരിപ്പൂരിലെത്തിയ മുഹമ്മദ് റാസിയാണ് സ്വർണം കടത്തിയത്. ഗുളികരൂപത്തിൽ ശരീരത്തിനുള്ളിൽ ഒളിപ്പിച്ചാണ് ഇയാൾ സ്വർണം കൊണ്ടുവന്നത്. കസ്റ്റംസിനെ വെട്ടിച്ച് പുറത്തുകടന്നെങ്കിലും രഹസ്യവിവരം ലഭിച്ചതിനെ തുടർന്നു പൊലിസ് പുറത്തിറങ്ങിയ ഉടനെ ഇയാളെ പിടികൂടുകയായിരുന്നു. 1037.7 ഗ്രാം സ്വർണമാണ് ഇയാളിൽ നിന്നു കണ്ടെടുത്തത്.

പിടികൂടിയ സ്വർണത്തിന് 50 ലക്ഷം രൂപ വിലവരും. സ്വർണം ഏറ്റുവാങ്ങാനും ഇയാളെ കൂട്ടികൊണ്ടുപോകാനുമാണ് നിസാർ കരിപ്പൂരെത്തിയത്. ഇവർ സഞ്ചരിച്ച കാറും പൊലിസ് പിടികൂടി.


ഫോറം നമ്പർ 5 ചട്ടം (14) 1

**പരസ്യം**

കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിൽ, പഴശ്ശി വില്ലേജിൽപ്പെട്ട മട്ടന്നൂർ ദേശത്തിലെ കല്ലേരിക്കരയിലെ താഴെ പട്ടികയിൽ വ്യക്തമാക്കപ്പെട്ട ഭൂമി പൊതു താൽപര്യത്തിന് ആവശ്യമുള്ളതിനാലും അല്ലെങ്കിൽ ആവശ്യമുണ്ടാകാൻ സാധ്യതയുള്ളതിനാലും 2022 ജൂൺ 21-ാം തീയ്യതിയിലെ 2050-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിന് അനുബന്ധമായി. 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 4 ഉപ വകുപ്പ് (1) പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്. ഈ ഭൂമിയുമായി താൽപര്യപ്പെടുന്ന മുഴുവൻ വ്യക്തികളും, സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പൊതു അവകാശവാദത്തിന് 2022 ജൂലൈ മാസം 23-ാം തീയ്യതി ശനിയാഴ്ച രാവിലെ 11 മണിക്ക് കല്ലേരിക്കര ഐശ്വര്യ വായനശാലയിൽ ഹാജരാകണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നമ്പർ | സർവ്വേ നമ്പർ | വില്ലേജ് | വിവരണം | ഭൂ ഉടമസ്ഥർ |
|---|---|---|---|---|
| 1. | 74/1 | പഴശ്ശി | നിലം | പി.കെ ജഗന്നാഥൻ |

കണ്ണൂർ
07.07.2022

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)

കണ്ണൂർ വിമാനത്താവളം വികസനത്തിന് 2 ാം ഘട്ട ...
നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ (3)ാം ഘട്ടവുമായി
ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന്റെ
ഭാഗമായ കേൾവി യോഗം 23.7.2022ന് രാവിലെ 11
മണിക്ക് കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ഹാളിൽ
വച്ചു ചേർന്നു

യോഗത്തിലെ നടപടികൾ തീരുമാനങ്ങൾ താഴെ
രേഖപ്പെടുത്തുന്നു

ഹാജർ

1. Jayaranjini. K.K. (പ്രസിഡന്റ്)
2. Pradeepan. M. 9744128406
3. Muhammed Siraj
4. ടി. രവീന്ദ്രൻ (Kmtbra)
5. രാഹുൽ എം.വി
6. കെ. [illegible]
7. കുഞ്ഞിക്കണ്ണൻ
8. [illegible]
9. [illegible]
10. K V Chandran
11. Meenu. C.K

യോഗം 12 മണിക്ക് അവസാനിച്ചു.

1 [illegible] ([illegible] [illegible])

[illegible] 8½ [illegible]

[illegible] 1.40 [illegible]

D[illegible] 2 [illegible]

[illegible] 50 [illegible]

2) [illegible] ([illegible])

[illegible]

From.

പി.കെ.ജഗന്നാഥൻ.

To

ചെയർമാൻ

സാമൂഹ്യാഘാത പഠന യൂണിറ്റ്.

അപേക്ഷയോടൊപ്പം ചേർത്തിരിക്കുന്ന

നോട്ടീസ് പ്രകാരം കണ്ണൂർ ജില്ല, ഇരിട്ടി താലൂക്ക് പഴശ്ശി വില്ലേജിൽ മട്ടന്നൂർ ദേശത്തിലെ കല്ലേരിക്കര യിലെ ഭൂമി സംബന്ധമായ വിഷയത്തിലെ സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ഞാൻ ഹാജരാകേണ്ടതായിരുന്നു. എന്നാൽ ജൂലൈ 21-ാം തിയ്യതി എനിക്ക് പങ്കെടുക്കാൻ അസൗകര്യമുള്ളതിനാൽ എന്റെ മകൻ. കെ.കെ. (ഷാജിവാസ്, കല്ലേരിക്കര) നെ ആയതിലേക്ക് ചുമതല-പ്പെടുത്തുന്നു.

21/7/22

K.K. ജയരാജൻ

Prof Jaganathan P.K

KAIROS

(Kannur Association for Integrated Rural Organisation and Support)
Reg.No. 737/1999 Under the Societies Registration Act XXI of 1860

Date.................................

25/7/2022

സ്വീകർത്താവ്,
മാനേജിങ് ഡയറക്ടർ
കിൻഫ്ര
തിരുവനന്തപുരം

സർ,

വിഷയം: കണ്ണൂർ വിമാനത്താവളം - തോട് 2 എക്സ്റ്റൻഷൻ ആവശ്യാർഥം ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ ആഘാതം നടത്തൽ - സാമൂഹ്യ ആഘാത പഠനം- പൊതുകേൾക്കൽ

സൂചന : 23/07/2022 നു നടന്ന പൊതുകേൾക്കൽ യോഗം

സാമൂഹ്യ ആഘാത പഠനം നടത്തുന്നതുമായി ബന്ധപെട്ടു പൊതുകേൾക്കൽ യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ അങ്ങയുടെ അഭിപ്രായത്തിനായി സമർപ്പിക്കുന്നു. അഭിപ്രായങ്ങൾ കൂടി ചേർത്താൽ മാത്രമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാനാകു എന്നതിനാൽ ആയത് എത്രയും പെട്ടന്ന് തന്നെ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

ചെയർമാൻ,
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ്, കണ്ണൂർ

KAIROS
KANNUR- 13

... P.O. Kannur, Kerala - 670013, INDIA, Ph: 0497 - 2712535, 2767535, Mob: +919048002828

**KAIROS**

(Kannur Association for Integrated Rural Organisation and Support)
Reg.No. 737/1999 Under the Societies Registration Act XXI of 1860

Date.................................

25/7/2022

സ്വീകർത്താവ്,
ജില്ലാ കളക്ടർ
കണ്ണൂർ

സർ,

വിഷയം: കണ്ണൂർ വിമാനത്താവളം - തോട് 2 എക്സ്റ്റൻഷൻ ആവശ്യാർഥം ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ ആഘാതം നടത്തൽ - സാമൂഹ്യ ആഘാത പഠനം- പൊതുകേൾക്കൽ
സൂചന : 23/07/2022 നു നടന്ന പൊതുകേൾക്കൽ യോഗം

സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനോടനുബന്ധിച്ചു 23.07.2022 നു മട്ടന്നൂർ കല്ലേരിക്കര ഐശ്വര്യ വായനശാലയിൽ ചേർന്ന പൊതുകേൾക്കാൾ യോഗത്തിന്റെ മിനുട്സ് KINFRA മാനേജിങ് ഡയറക്ടറുടെ അഭിപ്രായത്തിനായി അയച്ചു കൊടുത്തിട്ടുണ്ട് എന്നറിയിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

ചെയർമാൻ,
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ്, കണ്ണൂർ

KAIROS
KANNUR- 13

Purnacherry P.O. Kannur, Kerala - 670013, INDIA. Ph: 0497 - 2712535, 2767535. Mob: +919048002828

**KAIROS**

(Kannur Association for Integrated Rural Organisation and Support)
Reg.No. 737/1999 Under the Societies Registration Act XXI of 1860

Date.................................

സ്വീകർത്താവ്,
അഡ്വൈസർ
കിൻഫ്ര
മട്ടന്നൂർ

25/7/2022

സർ,

വിഷയം: കണ്ണൂർ വിമാനത്താവളം - തോട് 2 എക്സ്റ്റൻഷൻ ആവശ്യാർഥം ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ ആഘാതം നടത്തൽ - സാമൂഹ്യ ആഘാത പഠനം- പൊതുകേൾക്കൽ

സൂചന : 23/07/2022 നു നടന്ന പൊതുകേൾക്കൽ യോഗം

സാമൂഹ്യ ആഘാത പഠനം നടത്തുന്നതുമായി ബന്ധപെട്ടു പൊതുകേൾക്കൽ യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ അർത്ഥനാധികാരിയായ അങ്ങയുടെ അഭിപ്രായത്തിനായി സമർപ്പിക്കുന്നു. അഭിപ്രായങ്ങൾ കൂടി ചേർത്താൽ മാത്രമേ അന്തിമ റിപ്പോർട്ട് സമർപ്പിക്കാനാകു എന്നതിനാൽ ആയത് എത്രയും പെട്ടന്ന് തന്നെ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

ചെയർമാൻ,
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
കയ്റോസ്, കണ്ണൂർ

KAIROS KANNUR- 13

Burnacherry P.O, Kannur, Kerala - 670013, INDIA, Ph: 0497 - 2712535, 2767535. Mob: +919048002828
Email: kairoscnr@gmail.com, Website: www.kairoskannur.org

കിയാലിന്റെ ഡ്രയിനേജ് നം. 2 ലേക്ക് അനുബന്ധമായി ഒരു കനാൽ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള പൊതു അവകാശവാദയോഗം മട്ടന്നൂർ കല്ലേരികരയിലെ ഐശ്വര്യ വായനശാലയിൽ 23.07.2022 നു രാവിലെ 11 മണിക്ക് ചേർന്നു. യോഗത്തിൽ ഭൂവുടമയുടെ പ്രതിനിധി, കിൻഫ്ര പ്രതിനിധി എന്നിവരടങ്ങുന്ന 11 പേർ പങ്കെടുത്തു. യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെ കുറിച്ച് സാമൂഹ്യ ആഘാത പഠന യൂണിറ്റ് അംഗം ശ്രീ കെ.വി ചന്ദ്രൻ വിശദീകരിച്ചു.

യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ/ പരാതികൾ താഴെ കാണിച്ചിരിക്കുന്നു.

1. **ശ്രീ കെ.കെ ജയരാജ് (സ്ഥലം ഉടമ പ്രൊഫ. ജഗന്നാഥന്റെ പ്രതിനിധി)**

ഡ്രയിനേജ് നിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ എന്റെ സ്ഥലം ഏറ്റെടുത്തിരുന്നു. ഒരു സെന്റിന് 8.5 ലക്ഷം രൂപ തരാമെന്ന് ജില്ലാ കലക്റ്റർ സമ്മതിച്ചതിനാലാണ് സ്ഥലം വിട്ടു നൽകിയത്. ഏറ്റെടുത്തു കഴിഞ്ഞപ്പോൾ 1.90 ലക്ഷം രൂപ മാത്രമാണ് അനുവദിക്കപ്പെട്ടത്. അതിനാൽ അത് സ്വീകരിച്ചില്ല. ഇത് ഇപ്പോൾ കോടതിയുമായി ബന്ധപ്പെട്ട് കേസിലാണ് ഉള്ളത്. ഡ്രയിനേജ് 2 ന്റെ നിർമ്മാണ സമയത്ത്, എന്റെ അനുവാദമില്ലാതെ, ഡ്രയിനേജിന്റെ വീതിയുടെ പകുതിയോളം വരുന്ന സ്ഥലം ഏറ്റെടുത്തിരുന്നു. താലൂക്ക് സർവേയർ അളന്ന് തിട്ടപ്പെടുത്തിയപ്പോഴാണ് ഇത്രയും സ്ഥലം ഏറ്റെടുത്തതായി അറിഞ്ഞത്. ഞാൻ ഈ സ്ഥലത്തു താമസക്കാരനല്ലാത്തതിനാലാണ് യഥാസമയം ഇത് ശ്രദ്ധയിൽപെടാതിരുന്നത്. കമ്പിവേലികെട്ടി സംരക്ഷിച്ചിരുന്ന സ്ഥലം അത് പൊളിച്ചാണ് കയ്യേറിയത്.

സ്ഥലം വിട്ടു നല്കാൻ തയാറാണ്. ഇവിടെ ഇപ്പോൾ നടപ്പിലുള്ള വില ലഭിക്കണം. വിമാനത്താവളത്തിന്റെ ലൈറ്റിംഗ് പ്രവർത്തനങ്ങൾക്കായി സെന്റിന് 8 ലക്ഷം രൂപ വരെ നൽകിയതായി അറിയാൻ കഴിഞ്ഞു. എന്റെ സ്ഥലത്തിന് 50 മീറ്റർ അകലെ 'താമര' ബിൽഡേഴ്സ് 20 ലക്ഷം വരെ ഒരു സെന്റിന് നൽകിയതായി അറിയുന്നു.

2. **ശ്രീ രവീന്ദ്രൻ (പരിസരവാസി)**

'താമര' കമ്പനി പ്രവർത്തന സമയത്ത്, കലക്ക് വെള്ളം നിലവിലുള്ള ചെറിയ ചാലിലൂടെ കുത്തിയൊഴുകി വന്ന് വീട്ടുമുറ്റത്തു കെട്ടിക്കിടന്ന് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ഇത് പരിഹരിക്കപ്പെടണമെങ്കിൽ ഈ ചാല്, ഡ്രയിനേജ് നം. 2 ൽ ബന്ധിപ്പിക്കണം. 'താമര' കമ്പനി പ്രവർത്തിക്കാത്ത സമയത്തും നല്ല മഴയിൽ വെള്ളം കുത്തിയൊഴുകി വന്ന് ഇതേ പ്രയാസം ഉണ്ടാകാറുണ്ട്.

പ്രായോഗിക പരിശീലനത്തിനായി എത്തിയ കുമാരി മീനു (MSW) നന്ദി പ്രകാശിപ്പിച്ചു. യോഗം 1 മണിക്ക് അവസാനിച്ചു.

<u>ഭരണഭാഷ-മാതൃഭാഷ</u>

**Ref.No.KIN/KIA/21/2022**

കിൻഫ്രയുടെ കാര്യാലയം,
അമ്പലം റോഡ്, മട്ടന്നൂർ
തീയ്യതി: 17.08.2022
ഫോൺ: 04902474466
ഇ.മെയിൽ: kinframattannur@gmail.com

പ്രേഷിതൻ
അഡ്വൈസർ (എൽ.എം)
കിൻഫ്ര, കണ്ണൂർ
മട്ടന്നൂർ

സ്വീകർത്താവ്
ചെയർമാൻ
"കയ്‌റോസ്"
സാമൂഹ്യാഘാത പഠന യൂണിറ്റ്
കണ്ണൂർ

സർ,

വിഷയം - കണ്ണൂർ വിമാനത്താവളം- തോട് 2 എക്സ്റ്റൻഷൻ ആവശ്യാർത്ഥം ഭൂമി ഏറ്റെടുക്കൽ സാമൂഹ്യാഘാത പഠനം നടത്തൽ- പൊതു കേൾക്കൽ യോഗം- സംബന്ധിച്ച്.

സൂചന - കയ്‌റോസ്, കണ്ണൂർ സാമൂഹ്യാഘാത പഠന യൂണിറ്റ് ചെയർമാൻ 25.07.2022 തീയ്യതി കിൻഫ്ര എം.ഡി ക്ക് അയച്ച കത്ത്.

--------------------

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സാമൂഹ്യാഘാത പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട് 23.07.2022 ന് നടത്തിയ പൊതു കേൾക്കൽ യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ രണ്ടെണ്ണമാണ്. അവയ്ക്ക് താഴെ പറയുന്ന വിധത്തിൽ കിൻഫ്ര യുടെ പ്രതികരണം നൽകാവുന്നതാണ്.

1. <u>**ശ്രീ കെ കെ ജയരാജ് (സ്ഥലം ഉടമയുടെ പ്രതിനിധിയുടെ നിർദ്ദേശം)**</u>

"ഏറ്റെടുക്കുന്ന ഭൂമിക്ക് ഇപ്പോൾ നടപ്പിലുള്ള വില ലഭിക്കണം. വിമാനത്താവളത്തിന്റെ ലൈറ്റിങ് പ്രവർത്തനങ്ങൾക്കായി സെന്റിന് 8 ലക്ഷം രൂപ വരെ നൽകിയതായി അറിയാൻ കഴിഞ്ഞു. എന്റെ സ്ഥലത്തിന് 50 മീറ്റർ അകലെ താമര ബിൽഡേഴ്സ് 20 ലക്ഷം വരെ 1 സെന്റിന് നൽകിയതായി അറിയുന്നു."

പ്രസ്തുത നിർദ്ദേശത്തിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013 പ്രകാരം ന്യായമായ നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

2. <u>**ശ്രീ രവീന്ദ്രൻ (പരിസരവാസിയുടെ നിർദ്ദേശം)**</u>

"താമര കമ്പനി പ്രവർത്തന സമയത്ത് കലക്ക് വെള്ളം നിലവിലുള്ള ചെറിയ ചാലിലൂടെ കുത്തിയൊഴുകി വന്ന് വീട്ട് മുറ്റത്ത് കെട്ടികിടന്ന് പ്രയാസങ്ങൾ ഉണ്ടാക്കുന്നു. ഇത് പരിഹരിക്കപ്പെടണമെങ്കിൽ ഈ ചാല് ഡ്രെയ്നേജ് നമ്പർ 2 വിൽ ബന്ധിപ്പിക്കണം. താമര കമ്പനി പ്രവർത്തിക്കാത്ത സമയത്തും നല്ല മഴയിൽ വെള്ളം കുത്തിയൊഴുകി വന്ന് ഇതേ പ്രയാസം ഉണ്ടാകാറുണ്ട്."

നിർദ്ദിഷ്ട തോടിന്റെ പ്രവർത്തനം പൂർത്തിയായാൽ മേൽ പറഞ്ഞ പ്രയാസത്തിന് പരിഹാരമാകും.

വിശ്വസ്തതയോടെ

അഡ്വൈസർ, കിൻഫ്ര